# തുച്ഛമായ തവണ വ്യവസ്ഥയിൽ ഇ ഓട്ടോ നൽകും: മന്ത്രി ആന്റണി രാജു




ഊർജസംരക്ഷണ പക്ഷാചരണം മന്ത്രി ആന്റണി രാജു ഉദ്ഘാടനം ചെയ്യുന്നു

**തിരുവനന്തപുരം**

ഇ ഓട്ടോകൾ തുച്ഛമായ നിരക്കിലും തവണ വ്യവസ്ഥയിലും വിതരണം ചെയ്യാൻ തീരുമാനിച്ചതായി മന്ത്രി ആന്റണി രാജു പറഞ്ഞു. എനർജി മാനേജ് സെന്ററിന്റെ (ഇഎംസി) ഊർജസംരക്ഷണ പക്ഷാചരണത്തിന്റെ സംസ്ഥാന തല ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി. വിവിധ കമ്പനികളിൽനിന്ന് വാങ്ങുന്ന ഓട്ടോ കെടിഡിഎഫ്സി മുഖാന്തരമാണ് നൽകുക. തിരുവനന്തപുരത്ത് പദ്ധതി ആദ്യം നടപ്പാക്കും. 30 എണ്ണം വിതരണം ചെയ്യും. 2000 എണ്ണം വാങ്ങാനാണ് തുക നീക്കിവച്ചത്. 50 ഇലക്ട്രിക് ബസ് വാങ്ങാനുള്ള നടപടി കെഎസ്ആർടിസി പൂർത്തിയാക്കിയതായും മന്ത്രി പറഞ്ഞു. മന്ത്രി ആർ ബിന്ദു അധ്യക്ഷയായി.